# പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. *398 15.05.2017 -ൽ മറുപടിക്ക്**

**കെ.എസ്.റ്റി.പി.യുടെ രണ്ടാം ഘട്ടപ്രവർത്തനങ്ങൾ**

| **ചോദ്യം** | **ഉത്തരം** |
|---|---|
| **ശ്രീ.അനൂപ് ജേക്കബ്**<br>**,, അടൂർ പ്രകാശ്**<br>**,, തിരുവഞ്ചൂർ രാധാകൃഷ്ണൻ**<br>**,, ഹൈബി ഈഡൻ** | **ശ്രീ. ജി.സുധാകരൻ**<br>**(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി)** |
| (എ) കെ.എസ്.റ്റി.പി.യുടെ രണ്ടാം ഘട്ടത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള റോഡുകളുടെ പണി എന്നത്തേക്ക് പൂർത്തിയാക്കണമെന്ന് വെളിപ്പെടുത്തുമോ; | (എ) കെ.എസ്.റ്റി.പി.യുടെ രണ്ടാം ഘട്ടത്തിൽ നാളിതു വരെ തുടങ്ങിയ എല്ലാ പ്രവൃത്തികളും 2018 ആഗസ്റ്റ് മാസത്തിനകം പൂർത്തിയാക്കുന്നതിനാണ് ലക്ഷ്യ മിട്ടിരിക്കുന്നത്. രണ്ടര വർഷം നിർമ്മാണ കാലാവധി പ്രതീക്ഷിക്കുന്ന പുനലൂർ - പൊൻകുന്നം പ്രവൃത്തിയുടെ ടെണ്ടർ നടപടി പുരോഗമിക്കുന്നു. ഇതിന്റെ പ്രവൃത്തി ആരംഭിച്ചാലേ പൂർത്തിയാക്കുന്ന തീയതി തീരുമാനിക്കുവാൻ സാധിക്കുകയുള്ളൂ. |
| (ബി) ലോകബാങ്ക് എത്ര കോടി രൂപ ഇതിനായി നൽകിയെന്നും അതിൽ എത്ര തുക വിനിയോഗിച്ചുവെന്നും വെളിപ്പെടുത്തുമോ; | (ബി) കെ.എസ്.ടി.പി രണ്ട് പദ്ധതിയ്ക്ക് വേണ്ടി ഇതുവരെ ലോകബാങ്ക് വിഹിതമായി 375.10 കോടി രൂപ കിട്ടി. ഈ തുക മുഴുവനും വിനിയോഗിച്ചിട്ടുണ്ട്. |
| (സി) റോഡ് നിർമ്മാണ പ്രവർത്തനങ്ങളിൽ കടുത്ത അതൃപ്തി രേഖപ്പെടുത്തി, ലോക ബാങ്ക് നൽകിയിരുന്ന വായ്പയിൽ 220 കോടി റദ്ദാക്കിയിട്ടുണ്ടോ; | (സി) ലോകബാങ്ക് വായ്പയിൽ തുക ഒന്നും റദ്ദാക്കിയിട്ടില്ല. |
| (ഡി) കെ.എസ്.റ്റി.പി.ക്ക് സ്ഥിരം പ്രോജക്ട് ഡയറക്ടറുണ്ടോ; ഇല്ലെങ്കിൽ ഇക്കാര്യ ത്തിൽ നടപടി സ്വീകരിക്കുമോ? | (ഡി) കെ.എസ്.റ്റി.പി.യിൽ ഇപ്പോൾ സ്ഥിരം പ്രോജക്ട് ഡയറക്ടർ ചുമതല ഏറ്റെടുത്തിട്ടുണ്ട്. |
| (ഇ) സമയപരിധിക്കുള്ളിൽ റോഡുകളുടെ പണി പൂർത്തിയാക്കുവാൻ നടപടി സ്വീകരി ക്കുമോ? | (ഇ) പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കു ന്നതിന് യഥാസമയം അവലോകന യോഗം കൂടി നടപടികൾ സ്വീകരിച്ചു വരുന്നു. |

S. Bindu

**സെക്ഷൻ ഓഫീസർ**